പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** — **19-6-2013-ൽ മറുപടിക്ക്**

## ജലനിധി രണ്ടാം ഘട്ട പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എ.എം ആരിഫ്.<br>ശ്രീ. ബി.ഡി. ദേവസ്സി.<br>ശ്രീ. കെ. ദാസൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ ആദ്യ ബാച്ചിൽ 22 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തു. ഈ ഗ്രാമപഞ്ചായത്തുകളിൽ ജലനിധി പദ്ധതി ഘടകങ്ങളായ കുടിവെള്ള വിതരണം, ഭൂജലപരിപോഷണ പ്രവർത്തനങ്ങൾ, പരിസര ശുചീകരണത്തിനുള്ള ഭൗതിക സംവിധാനങ്ങൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, ആരോഗ്യ-ശുചിത്വ പ്രചരണ പ്രവർത്തനങ്ങൾ എന്നീ ഘടകങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകരിക്കൽ പ്രക്രിയകൾ നടന്നുവരുന്നു. ഇതോടൊപ്പം സ്രോതസ്സ്, പമ്പ് ഹൗസ്, ടാങ്ക് എന്നിവയുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.<br><br>ബാച്ച് 2-ൽ ഉൾപ്പെടുത്തി 68 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തു. ആയതിൽ 65 ഗ്രാമപഞ്ചായത്തുകളുമായി KRWSA കരാർ ഒപ്പിടുകയും |

പദ്ധതിയുടെ പ്രാരംഭഘട്ട
പ്രവർത്തനങ്ങൾ ആരംഭിക്കുകയും
ചെയ്തിട്ടുണ്ട്.

ജലനിധി II -ൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനായി കേരള വാട്ടർ അതോറിറ്റി നിർദ്ദേശിച്ച മൾട്ടി ജി.പി. പദ്ധതികളിൽ 3 പദ്ധതികൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ അനുമതിക്ക് വിധേയമായി നടപ്പാക്കുവാൻ ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 6 പഞ്ചായത്തുകൾ ഉൾപ്പെടുന്ന മാള മൾട്ടി ജി.പി. സ്കീമിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഇതിനായി കഴിഞ്ഞ വർഷം നീക്കിവെച്ചിരുന്നതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി 2012-13 വർഷത്തിൽ 109.82 കോടി രൂപ നീക്കി വെച്ചിട്ടുണ്ടായിരുന്നതിൽ 40 കോടി രൂപ പദ്ധതി നടത്തിപ്പിനായി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിക്ക് (KRWSA)ക്ക് നൽകുകയുണ്ടായി. ഇതിൽ 27.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഏതൊക്കെ പഞ്ചായത്തുകളിൽ ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ?

(സി) ജലനിധി രണ്ടാം ഘട്ടത്തിൽ ബാച്ച് 2 ൽ ഉൾപ്പെടുത്തിയ 68 ഗ്രാമപഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ കരുളായി, ആലംകോട് എന്നീ 3 ഗ്രാമപഞ്ചായത്തുകൾ KRWSA യുമായി കരാർ ഒപ്പിടാത്തതിനാൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ